കേരള സർക്കാർ

നം.41056/ഡി.എ 1/09/തസ്വഭവ.

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 18.08.09

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകിക്കൊണ്ടുള്ള, പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 14.05.07 ലെ ജി.ഒ(എം.എസ്) നം.128/07/തസ്വഭവ.
2. 24.07.09 ലെ ജി.ഒ(എം.എസ്) നം. 183/07/തസ്വഭവ.
3. ശ്രീമതി. റീന ആർ നായർ (അശ്വതി, പാളയം, തിരുവനന്തപുരം) - 12.01.09 ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 24.07.09ലെ 2.7(1) നമ്പർ തീരുമാനം.

തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതി (2007-12) തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖപ്രകാരം മേഖലാപരിധികളും തലങ്ങളും നിശ്ചയിച്ചിട്ടുള്ളതു കൂടാതെ അനിവാര്യ വകയിരുത്തലുകളായി ആകെ പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 5% തുക "ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, വൃദ്ധർ, ശിശുക്കൾ" എന്നീ വിഭാഗങ്ങൾക്കായി നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ സൂചന (2) പ്രകാരമുള്ള സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച മാർഗ്ഗ രേഖയിലും (ഖണ്ഡിക 4 (4.1 - 4,3)) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന സഹായങ്ങൾ, സ്കോളർഷിപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അവ എ.പി.എൽ/ബി.പി.എൽ ഗ്രൂപ്പുകൾ എന്ന വേർതിരിവില്ലാതെ തന്നെ എല്ലാ വിഭാഗക്കാർക്കും നൽകാവുന്നതാണെന്നും അതനുസരിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക്/വ്യക്തികൾക്ക് അനുവദനീയമായ സഹായങ്ങൾ ഓട്ടിസം, മസ്തിഷ്ക തളർവാതം (cerebral palsy), വളർച്ചാ സംബന്ധമായ വെല്ലുവിളികൾ മുതലായവ നേരിടുന്ന കുട്ടികൾക്കും/ആളുകൾക്കും നൽകാവുന്നതും അവർക്ക് നൽകാവുന്ന സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കും പഠനസമാഗ്രികൾക്കുമുള്ള ബത്ത, പഠന പര്യടനം, ഉല്ലാസ ബത്ത തുടങ്ങിയവയ്ക്ക് നൽകാവുന്ന നിരക്കുകൾ സംബന്ധിച്ചും സൂചനയിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

(2) തികച്ചും അനുകമ്പ അർഹിക്കുന്ന പ്രത്യേകിച്ച് മാനസിക രോഗങ്ങൾ ബാധിച്ചവരും ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ രോഗങ്ങൾ ബാധിച്ചവരുൾപ്പെടെയുള്ള ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും സഹായങ്ങൾ നൽകുന്നതിന് സർക്കാർ വ്യക്തമായ അനുമതിയും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടെങ്കിലും മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും അതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ സൂചന (4) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തികച്ചും അനുകമ്പ അർഹിക്കുന്ന ഈവിഭാഗത്തിലുള്ളവരെ സഹായിക്കുന്നതിനായി, ഓട്ടിസം ഉൾപ്പെടെ

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവിഭാഗങ്ങൾക്കായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള സഹായങ്ങൾ, സ്കോളർഷിപ്പ് എന്നിവ പ്രസ്തുത വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഏറ്റെടുത്ത് അതത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും അവ അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കുന്നുണ്ടെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പുവരുത്തേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
3. സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്.
10. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
11. എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാർ (നഗരകാര്യം)
12. എല്ലാ എ.ഡി.സി (ജനറൽ) മാർക്കും.
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
14. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
15. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ.
16. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം. - ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.
17. ശ്രീമതി. റീന ആർ നായർ 'അശ്വതി', ടി.സി 4 /126, പാളയം, തിരുവനന്തപുരം
18. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ. ഐ.കെ.എം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
19. ഡയറക്ടർ , കില, മുളങ്കുന്നത്തുകാവ്, തൃശൂർ.
20. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം.
21. അക്കൗണ്ടന്റ് ജനറൽ (എ. ആന്റ്.ഇ) കേരള, തിരുവനന്തപുരം.
22. സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന് (U.O(f)4512/ഡിസി$_2$/09/തസ്വഭവ തീയതി 6.07.09 പ്രകാരം)
തദ്ദേശസ്വയംഭരണ ഡി.ബി/ഡി.ഡി. വകുപ്പുകൾക്ക്.